


# ഗവ.എച്ച്.എസ്.എസ്.പുനലൂർ

***little kites.2019***

# തുള്ളി

**ഗവ.എച്ച്.എസ്.എസ്.പുനലൂർ**

**ഡിജിറ്റൽ മാഗസിൻ. 2019**







## ചീഫ് എഡിറ്റർ

പുനലൂർ ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂളിലെ കുഞ്ഞുങ്ങളുടെ മനസ്സിൽ രൂപപ്പെട്ട സാഹിത്യ ചിന്തകൾ, ഭാവനകൾ എന്നിവ കാലാനസൃതമായി ഏവർക്കും ആസ്വാദിക്കാവുന്ന രീതിയിൽ 'ഡിജിറ്റൽ മാഗസിൻ' ആയി രൂപപ്പെട്ടിരിക്കുകയാണ്.
ഇതിന് പിന്നിൽ പ്രവർത്തിച്ചത് ഈ സ്കൂളിലെ little kites യൂണിറ്റ് അംഗങ്ങളാണ്.
ഈ സംരംഭത്തിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.
വിവിധ ക്ലബ്ബ്കളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും അവ പൊതു സമൂഹത്തിൽ എത്തിക്കുവാനും ഇത് പ്രയോജനപ്പെടട്ടെ എന്ന് ആശിക്കുക്കുന്നു.
സ്കൂൾ ചരിത്രത്തിൽ ആദ്യമായി മനോഹരമായ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ പ്രവർത്തിച്ച വിദ്യാർത്ഥികളെയും സഹായിച്ച അധ്യാപകരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

**ശൈലജ ദേവി .എസ്**
**ഹെഡ് മിസ്ട്രസ്**
**ഗവ.എച്ച് .എസ്സ്.എസ്സ്.പുനലൂർ**

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ : ശൈലജ ദേവി



പി.എച്ച്. മുഹമ്മദ്

### സ്റ്റാഫ് എഡിറ്റേർസ്



ബെസ്സി സാമുവൽ




എഡിറ്റർ:സൗപർണിക.എ.എസ്



നിയ.ആർ.പണിക്കർ



അംജിദ് ഷെരീഫ്



അഭിജിത്ത്.ജെ



വൈഷ്ണവ് ബിജു



വിശ്വജിത്ത് വി.പി




അഞ്ജു തങ്കച്ചൻ



# താളുകളിൽ

തുള്ളി. പത്രാധിപക്കുറിപ്പ്.....................................................6
ലിറ്റിൽ കൈറ്റ് ഒരു സ്വപ്നം.................................................7
Little kites unit.............................................................8
കാഴ്ചകൾ.......................................................................9
പുനലൂർ സാംസ്കാരിക ചരിത്രം...........................................10
ഇന്ത്യ -ജനവരി26............................................................15
WHAT MAKES A GOOD STUDENT?..........................17
ആശുപത്രി....................................................................18
പ്രണയം........................................................................19
22 പിക്സൽ മെഗാ ക്യാമറ...................................................20
വിദ്യാലയം....................................................................21
Mother.........................................................................22
GET OVER ME............................................................23
POOR GIRL..................................................................24
ധനപാലനും രവിയും.........................................................25
നാരങ്ങാമിഠായികൾ.........................................................27
ചിന്നവും മിന്നവും.............................................................29
കലികാലം.....................................................................30
ലഹരിക്കെതിരെ..............................................................31
വാർത്തകളിൽ.................................................................32
ജൈവ പച്ചക്കറി...............................................................33
ചോദ്യോത്തരം.................................................................35
ക്വിസ്.............................................................................36
37 ........................ جحا والسائل
38 .......................... اللغةالعربية
40........... حكم وأمثال وبعض الكلم
കാഴ്ചകൾ.......................................................................41
നവകേരളം.....................................................................43
കൊല്ലം വിനോദ കേന്ദ്രങ്ങളിൽ............................................45
വചനങ്ങൾ......................................................................49
Emotions......................................................................51

# തുള്ളി...



**ആദ്യ തുള്ളി..**
**കുളിർമയാണ്,മധുരമാണ്, ഉണർവാണ്,**
**പ്രതീക്ഷയാണ്....**
**പല തുള്ളികൾ ചേർന്ന് ഒരു പ്രവാഹമാകും.**
**സംസ്കാരങ്ങളുടെ രൂപീകരണമാകും,**
**നാഗരികതകളുടെ സൃഷ്ടിപ്പാകും...**
**തെളിനീരായി, ആശ്വാസമായി,**
**ജനതതികൾക്ക് ശമനമായതും**
**ഊഷരതയിൽ നിന്ന്**
**മണ്ണിനെ കുതിർത്ത് വിത്തിന്റെ മുകുളം പുറത്ത് വന്നതും**
**പുഷ്പമായി, ഫലമായി, കതിരായി,**
**കായായി,വിളയായി ....**
**പുര നിറഞ്ഞതും മനം നിറഞ്ഞതും..**
**ആ ഒരു തുള്ളിയിൽ നിന്ന് തന്നെ.**
**തുള്ളി...**
**അസ്വസ്ഥതയാകും, ശല്യമാകും,**
**നഷ്ടങ്ങളാകും,വേദനയും ആശങ്കയുമാകും...**
**പേമാരിയായി പെയ്തിറങ്ങുന്നതും**
**പ്രളയമായി ദുരന്തം വിതക്കുന്നതും**
**ആ തുള്ളി...**
**സ്വപ്നങ്ങൾ തകർത്ത്,**
**നാഗരികതകളെയും പട്ടണങ്ങളെയും തുടച്ചു നീക്കിപോയതും**
**തുള്ളി..**
**പക്ഷെ,**
**നോഹയുടെ കാലത്തെ**
**ആദ്യ തുള്ളിയിൽ തുടങ്ങി**
**പിന്നെ വന്ന പേമാരിയും പ്രളയവും**
**മനുഷ്യന് അഭയത്തിന് കപ്പൽ നൽകി.**
**ഭൂമിയിൽ പുതിയ ജന സമൂഹങ്ങൾക്ക് തുടക്കമായി.**
**ഭാഷകൾ,സംസ്കാരങ്ങൾ, നാഗരികതകൾ ...**
**ഒന്നിന് പിറകെ മറ്റൊന്നായി തീർക്കുകയായിരുന്നു.**
**തുള്ളി...**
**നല്ലതിനാകട്ടെ എന്ന പ്രതീക്ഷയോടെ.**

**പത്രാധിപർ**

**സൗപർണ്ണിക**

**ലീഡർ**



# ലിറ്റിൽ കൈറ്റ്സ് ഒരു സ്വപ്നം...

2017-18 അധ്യയനവർഷം കേരള സർക്കാർ പോതുവിദ്യാഭാസ വകുപ്പ്സ്കൂൾ വിദ്യാർത്ഥികൾക്കായ് ആരംഭിച്ച പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്.. ഡിജിറ്റൽ വിസ്മയത്തിന്റെ ഒരു ജാലകമാണ് ലിറ്റിൽ കൈറ്റ്സ് തുറന്നുതന്നത്. ഈ വർഷത്തെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്. അതിൽ ഒരംഗമാവാൻ സാധിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.... ആഴ്ചയിൽ ബുധനാഴ്ചയാണ് ക്ലാസുകൾ നടക്കാറുള്ളത്.അങ്ങനെ മാസത്തിൽ 4 ക്ലാസുകൾ ഞങ്ങൾക്ക് ലഭിക്കാറുണ്ട്. വളരെ മനോഹരമായ ക്ലാസുകളാണ് മാസ്റ്ററും മിസ്ട്രസ്സും ഞങ്ങൾക്കായ് സംഘടിപ്പിക്കുന്നത്.ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായ് ഒരുപാട് അറിവുകൾ എനിക്ക് ലഭിച്ചിട്ടുണ്ട്.കൈറ്റസിന്റെ ഭാഗമായുള്ള ക്യാംപിനും എനിക്ക് പങ്കെടുക്കാൻ സാധിച്ചു.

ഇതൊക്കെ വലിയ സൗഭാഗ്യമായാണ് ഞാൻ കരുതുന്നത്.

ഒരു വെറിട്ട അനുഭവമാണ് ഈ ലിറ്റിൽ കൈറ്റ്സ്. ക്യാംപിന് പോയത് വഴി എനിക്ക് ഒരുപാട് പുതിയ സുഹൃത്തുക്കളെയും പരിചയപ്പെടാൻ സാധിച്ചു.

ഒരിക്കലും മറക്കില്ല ഈ കൂട്ടുകാരെയും ഈ കൂട്ടത്തെയും...

# Little kites School Unit






*Little kites സ്കൂൾ തല ക്യാമ്പിന്റെ ഉദ്ഘാടനം ഹെഡ്മാസ്റ്റർ ബഹു. ശ്രീകുമാർ സർ നിർവഹിക്കുന്ന*



Little kites സ്കൂൾ തല ക്യാംപിൽ, ജില്ലാ IT.ട്രൈനർ അഞ്ചൽ വെസ്റ്റ് GHSS.അദ്ധ്യാപകൻ സക്കീർ ഹുസൈൻ സാറിന്റെ ക്ലാസ്സ്.



*പൂർവ വിദ്യാർത്ഥിയും ഫിലിം ഇൻഡസ്ട്രിയിൽ വിദ്യാർഥിയുമായശ്രീ. വെങ്കിടേശൻ Little kites യൂണിറ്റിൽ ക്ലാസ് എടുക്കുന്ന*







# കാഴ്ചകൾ







പ്രവേശനോത്സവം 2018. പുനലൂർ നഗരസഭ പിതാവ് എം.എ.രാജഗോപാൽ ഉത്ഘാടനം ചെയ്യുന്നു.



പരിസ്ഥിതി ദിനപരിപാടികളുടെ ഉദ്ഘാടനം ജില്ലാ ജഡ്ജി നിർവഹിക്കുന്നു

# പുനലൂർ
# സാംസ്കാരിക ചരിത്രം

നിയ.ആർ.പണിക്കർ



**കൊ**ല്ലം ജില്ലയിൽ ഗ്രാമീണ സൌന്ദര്യമുള്ള നഗരമാണ്പുനലൂർ. നഗരഹൃദയത്തിലൂടെയൊഴുകുന്ന കല്ലടയാർ പുനലൂരിന്റെ ജീവനാഡിയാണ്.ഇവിടെ സിന്ധൂനദീതട സംസ്ക്കാരത്തേക്കാൾ പഴക്കമേറിയ പുരാതന ശിലായുഗ കാലഘട്ടത്തിൽ തന്നെ ജനവാസം ഉണ്ടായിരുന്നു എന്ന് തെന്മലയിൽ നടന്ന ഗവേഷണങ്ങളിൽ വെളിവായിട്ടുണ്ട്. തമിഴ് നാടുമായി പുരാതന കാലം മുതൽ തന്നെ പുനലൂരിന് ദൃഢമായ  വാണിജ്യബന്ധമുണ്ടായിരുന്നു.
ദക്ഷിണേന്ത്യയിലെ  ഏറ്റവും പഴക്കമേറിയ നദീതടസംസ്ക്കാരത്തിന്റെ അവശിഷ്ടങ്ങൾ തെന്മല ചേന്തുരുണിയിൽ നിന്നും കണ്ടെടുത്തതോടെ ഇവിടം ചിരപുരാതനമായ ഒരു സംസ്ക്കാരത്തിന്റെ ഭാഗമായിരുന്നുവെന്ന് വെളിപ്പെട്ടു.
1555 -ൽ കൊല്ലത്ത് ആസ്ഥാനമുറപ്പിക്കാൻ ശ്രമിച്ച പോർട്ടുഗീസ് ക്യാപ്റ്റൻ റോഡ് ഡ്രിഗ്സ് കുരുമുളക് കൃഷിക്കാരിൽ നിന്നും മൊത്തമായി കുരുമുളകു വാങ്ങുവാൻ ശ്രമിക്കുകയുണ്ടായി.
 കച്ചവടക്കാർ അതിന് വിസമ്മതിച്ചു. 5000 കാളവണ്ടി നിറയെ കുരുമുളക് കയറ്റി തമിഴ്നാട്ടിലേക്ക് പോയ വ്യാപാരികളെ റോഡ് ഡ്രിഗ്സിന്റെ പടയാളികൾ ആക്രമിച്ചു. വ്യാപാരികൾ ആക്രമിക്കപ്പെട്ടത് പുനലൂരിലും പരിസരപ്രദേശത്തും വെച്ചായിരുന്നു. പല വ്യാപാരികളുടേയും തല വെട്ടിയെടുത്ത് പടയാളികൾ റോഡ് ഡ്രിഗ്സിനു സമർപ്പിച്ചു. ഓരോ തലയ്ക്കും വൻതുക റോഡ് ഡ്രിഗ്സ് അവർക്ക് പ്രതിഫലം നൽകി. പശ്ചിമഘട്ടത്തിലെ ചുരങ്ങളിൽ കൂടിയാണ് അന്ന് തമിഴരും

വ്യാപാരികളും തമ്മിൽ കച്ചവടം നടന്നിരുന്നത്. ചരക്കുഗതാഗതത്തിന് കാളവണ്ടികളും, പൊതിക്കാളകളും ഉപയോഗിക്കപ്പെട്ടിരുന്നു. നൂറ്റാണ്ടുകൾ പഴക്കമുള്ള മിത്രാനന്ദപുരം, വെള്ളായണി ശാസനങ്ങളിൽ പുനലൂരിലേയും പട്ടാഴിയിലേയും നാട്ടുരാജാക്കന്മാരെക്കുറിച്ചുള്ള സൂചനകളുണ്ട്.1734 വരെ പുനലൂരും സമീപപ്രദേശങ്ങളും ഇളയിടത്തു സ്വരൂപം വകയായിരുന്നു.

എ.ഡിഒന്നാം നൂറ്റാണ്ടിലെ ആയ് രാജവംശത്തിന്റെ ഭരണകാലത്തു തന്നെ താലൂക്കിന്റെ പല ഭാഗങ്ങളിലും പ്രത്യേകിച്ച് പുനലൂരിലും പരിസരഗ്രാമങ്ങളിലും ജനവാസമുണ്ടായിരുന്നുവെങ്കിലും, അന്ന് ഭൂരിഭാഗവും ഘോരവനങ്ങളായിരുന്നു. ഇന്ന് വനങ്ങളും എസ്റ്റേറ്റുകളുമായിട്ടുള്ള പല സ്ഥലങ്ങളും അന്ന് ജനപഥങ്ങളുമായിരുന്നതായി കാണാം.

താലൂക്ക് കേന്ദ്രം പിൽക്കാലത്ത് പത്തനാപുരത്ത് നിന്നും പുനലൂരിലേക്ക് മാറ്റുകയുണ്ടായി.താലൂക്ക് എന്നുള്ളതിനു പകരം “മണ്ഡപത്തും വാതുക്കൽ” എന്നാണ് അന്ന് പറഞ്ഞുവന്നിരുന്നത്വേണാട്ടിലെ ആദ്യത്തെ നാട്ടുവാഴി അയ്യനടികളാണ്. തരിസാപള്ളി ശാസനത്തിൽ നിന്നും കൊല്ലവർഷം 24-ാം മാണ്ട് അയ്യനടികൾ കേരളചക്രവർത്തി സ്ഥാണുരവിയുടെ സാമന്തനായി വേണാട് വാണിരുന്നതായി കാണാം. അതിനു ശേഷം അന്ന് ഇളംകൂർ വാഴകയായിരുന്ന രാമതിരുവടി ഭരണമേറ്റിട്ടുണ്ടാവണം. രാമതിരുവടിക്കു ശേഷം വേണാടിന്റ 100 വർഷത്തെ ചരിത്രത്തെക്കുറിച്ച് രേഖകൾ ഇല്ല. കൊല്ലവർഷം 149 -ലെ മാമ്പള്ളി ശാസനത്തിൽ പറയുന്ന ശ്രീവല്ലഭൻ കോതയെ പിന്നീട് നമുക്ക് കാണാം.



മാമ്പള്ളി ശാസനത്തിൽ പുനലൂർക്കാരൻ ഇരവിപരന്തരവനെക്കുറിച്ച് പരാമർശം ഉണ്ട്. മാമ്പള്ളി ശാസനത്തിലാണ് ആദ്യമായി കൊല്ലവർഷത്തെ കുറിച്ച് രേഖപ്പെടുത്തിയിട്ടുള്ളത്. പുനലൂർ, ചെങ്ങന്നൂർ മുതലായ പ്രദേശങ്ങൾ വേണാട്ടിൽ

ഉൾപ്പെട്ടിരുന്നു എന്ന് ശാസനത്തിൽ നിന്നും മനസ്സിലാക്കാം മഹാരാജാവിനും റാണിക്കും എഴുന്നള്ളി കുളിക്കുന്നതിനു വേണ്ടി ഇവിടെ രണ്ട് കുളിക്കടവും ഉണ്ടായിരുന്നു. ഇപ്പോഴും കുളിക്കടവുകളുടെ അവശിഷ്ടങ്ങൾ അവിടെ കാണാം. ഇതിനെ കൊട്ടാരം കുളിക്കടവ് എന്ന് അറിയപ്പെട്ടിരുന്നു.

1901-ൽ പുനലൂർ വഴി കൊല്ലം തിരുനെൽവേലി മീറ്റർഗേജ് റെയിൽവേ ലൈൻ ആരംഭിച്ചു.1887-ൽ തൂക്കുപാലവും,1888-ൽ പേപ്പർമില്ലും,1901-ൽ റെയിൽവേസ്റ്റേഷനും പുനലൂരിൽ സ്ഥാപിക്കപ്പെട്ടു.

1943-ൽ ചിത്തിരതിരുനാൾ ബാലരാമവർമ്മ മഹാരാജാവ് ട്രാവൻകൂർ പ്ളൈവുഡ് ഫാക്ടറി സ്ഥാപിച്ചു. കല്ലടയാറിനു കുറുകെ നിർമ്മിക്കപ്പെട്ടിട്ടുള്ള പുനലൂർ തൂക്കുപാലം ഒരു എഞ്ചിനീയറിംഗ് വിസ്മയമാണ്.1872-ൽ തിരുവിതാംകൂർ മഹാരാജാവ് അനുമതി നൽകിയതോടെ ആൽബർട്ട് ഹെൻട്രി എന്ന ബ്രിട്ടീഷ് എഞ്ചിനീയറുടെ നേതൃത്വത്തിൽ,2212 ദിവസം (1872 മുതൽ 1877 വരെ) നീണ്ടുനിന്ന പാലം പണി ആരംഭിച്ചു. പ്രതിദിനം 200-ൽ പരം തൊഴിലാളികൾ പണിയെടുത്തിരുന്നു. മൊത്തം 3 ലക്ഷം രൂപയായിരുന്നു ചെലവ്. പാലത്തിന് 400 അടി നീളമുണ്ട്, ആർച്ചുകൾക്കിടയിൽ200 അടിയും ആർച്ചുകൾക്ക് ഇരുവശവും 100 അടി വീതവും. 7 ആനകളെ ഒരേ സമയം നടത്തിച്ചാണ് പാലത്തിന്റെ ഉറപ്പ് പരിശോധിച്ചത്. ആനകൾ കാക്കാഴം ബാവ (മുളകു രാജൻ) എന്ന വ്യാപാരിയുടേതായിരുന്നു. 53 കണ്ണികൾ വീതമുള്ള 2 ചങ്ങലകളിലാണ് പാലം തൂക്കിയിട്ടിരിക്കുന്നത് ഈ നാടിന്റെ വികസനം ത്വരിതപ്പെടുത്തിക്കൊണ്ട് നദിയുടെ മറുകരയിലേക്ക് വ്യാപിച്ചതും, വാണിജ്യബന്ധങ്ങൾ വിപുലപ്പെട്ടതും തൂക്കുപാലം നിർമ്മിക്കപ്പെട്ടതോടെയാണ്. ഏതാണ്ട് ഒരു നൂറ്റാണ്ടുകാലം ഈ പാലത്തിലൂടെയുള്ള ഗതാഗതം നിലനിന്നിരുന്നു.

കൊല്ലം ജില്ലയിൽ ആദ്യമായി ഒരു കാലാവസ്ഥാ നിരീക്ഷണകേന്ദ്രം ആരംഭിച്ചത് പുനലൂരിലാണ്. പൈനാപ്പിൾ കൃഷിക്ക് പണ്ടുമുതലേ പ്രസിദ്ധമാണിവിടം. ക്യൂ (കെ.ഇ.ഡബ്ള്യൂ) എന്ന മുള്ളില്ലാത്തയിനം പൈനാപ്പിൾ ലാറ്റിൻ അമേരിക്ക, വെസ്റ്റ് ഇൻഡീസ് എന്നിവിടങ്ങളിൽ നിന്നും കൊണ്ടുവന്ന് കേരളത്തിൽ ആദ്യമായി കൃഷി തുടങ്ങിയത് പുനലൂരിലാണ്.

ഫ്യൂഡലിസവും ജന്മിത്തവും നിലനിന്നിരുന്ന ഒരു പ്രദേശമാണിത്. പാട്ടവും പാതിവാര വ്യവസ്ഥയും, കുടികിടപ്പും ഉണ്ടായിരുന്നു. കുത്തകപ്പാട്ടഭൂമിയും, ദേവസ്വഭൂമിയും കൈവശം വച്ചിരുന്ന കൃഷിക്കാരും കുറവല്ലായിരുന്നു. കുത്തകപ്പാട്ടഭൂമിക്ക് അടിസ്ഥാന നികുതിക്കു പുറമെ തെങ്ങിന് 2 രൂപയും കമുക്, പ്ലാവ്, മുളകുകൊടി, പറങ്കിമാവ്, മാവ്, പുളി എന്നിവയ്ക്ക് 1 രൂപ വീതവും വൃക്ഷക്കരം ഈടാക്കിയിരുന്നു. കേരളത്തിൽ തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന് ബീജാവാപം നൽകിയ പ്രദേശങ്ങളിലൊന്നാണ് പുനലൂർ.

## പ്രധാന ആരാധനാലയങ്ങൾ.

വാഴമൺ ശിവക്ഷേത്രം, തൃക്കോതേശ്വരം മഹാദേവർ ക്ഷേത്രം, ഭരണിക്കാവ് ക്ഷേത്രം, കൃഷ്ണൻ കോവിൽ, നെല്ലിപ്പള്ളി ശിവക്ഷേത്രം, അഷ്ടമംഗലം ശ്രീമഹാവിഷ്ണു ക്ഷേത്രം, ആലഞ്ചേരി ജമാ-അത്ത് പള്ളി,എൻ.എം.എ.എച്ച് ജമാ-അത്ത് പള്ളി, വാളക്കോട് ജമാ-അത്ത് പള്ളി, ഭരണിക്കാവിലെ മൊഹിയദ്ദീൻ പള്ളി, ഭരണിക്കാവ് റോമൻ കാത്തലിക് പള്ളി, വാളക്കോട് യാക്കോബാ പള്ളി, തെളിക്കോട് മാർത്തോമാ പള്ളി, ചെമ്മന്തൂർ യാക്കോബാ പള്ളി എന്നിവയാണ് ഇവിടുത്തെ പ്രധാന ആരാധനാലയങ്ങൾ.

### വിനോദസഞ്ചാരം

പുനലൂരിന് അടുത്തുള്ള പ്രശസ്ത വിനോദസഞ്ചാര സ്ഥലങ്ങൾ ആണ് തെൻമല(21 കിലോമീറ്റർ അകലെ), പാലരുവി വെള്ളച്ചാട്ടം (35 കിലോമീറ്റർ അകലെ),അമ്പനാടൻ മലനിരകൾ (40 കിലോമീറ്റർ അകലെ )എന്നിവ. അഗസ്ത്യമല വന്യജീവി സംരക്ഷണകേന്ദ്രത്തിന് പടിഞ്ഞാറേ അറ്റത്തായി ആണ് പുനലൂർ സ്ഥിതിചെയ്യുന്നത്.
പുനലൂർ മുനിസിപ്പാലിറ്റിയിലെ വിളക്കുവെട്ടത്തിനടുത്തുള്ള തേൻ പാറ തേനീച്ചകളുടെ കൂട്ടുകളാൽ സമൃദ്ധമാണ്.
മനോഹരമായ വനപ്രദേശങ്ങൾ പുനലൂരിന് സമീപം ഏറെയുണ്ട്. പലതും പുറംലോകം അധികം അറിയപ്പെടാതെ കിടക്കുന്നു.

### പുനലൂർ ബാലൻ

പുനലൂരിലെ കലാ സാഹിത്യരംഗത്തിന്റെ ചരിത്രത്തിൽ എന്നുമെന്നും ജീവിക്കുന്ന വ്യക്തികളാണ് പുനലൂർ ബാലനും,എൻ.രാജഗോപാലൻ നായരും. സാമൂഹിക പ്രതിബദ്ധത തെളിയിച്ച മഹാകവിയായിരുന്നു പുനലൂർ ബാലൻ. പുനലൂരിലൂടെ ബാലനും, ബാലനിലൂടെ പുനലൂരും

പ്രശസ്തിയിലേക്ക് ഉയർന്നു. നാടക പ്രസ്ഥാനത്തിന് ഒരു പുതിയ അവതരണ ശൈലി സംഭാവന ചെയ്തുകൊണ്ട് സാമൂഹിക പരിവർത്തനത്തിന് കളമൊരുക്കിയ കെ.പി.എ.സി.ക്ക്ജന്മംകൊടുത്തത് പുനലൂരാണ്.ഇതിന്റെ മുഖ്യശിൽപ്പികളായിരുന്നുഎൻ.രാജഗോപാലൻ നായരും, പുനലൂർ ബാലനും. പേപ്പർമിൽ തൊഴിലാളിയായിരുന്ന കെ.എസ്.ജോർജിനെ പ്രമുഖ വിപ്ലവഗായകനാക്കി വളർത്തിയതും ഈ പ്രദേശമാണ്.

**എൻ.രാജഗോപാലൻ നായർ**

ഒന്നാം കേരളനിയമസഭയിൽ പത്തനാപുരം നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച ഒരു രാഷ്ട്രീയ നേതാവായിരുന്നു എൻ. രാജഗോപാലൻ നായർ , കമ്മ്യൂണിസ്റ്റ് പ്രതിനിധിയായാണ് രാജഗോപാലൻ നായർ കേരള നിയമസഭയിലേക്കെത്തിയത്. 1925 മെയ് 10 ന് ജനിച്ചു. നിയമ ബിരുദധാരിയായിരുന്ന ഇദ്ദേഹം 1940-ൽ കോൺഗ്രസിൽ ചേർന്നു. വിദ്യാർത്ഥിരാഷ്ട്രീയത്തിൽ സജീവമായിരുന്ന രാജഗോപാലൻ നായർ പിന്നീട് ആദായ നികുതി വകുപ്പിലെ ഉദ്യോഗസ്ഥനായി ജോലിയിൽ പ്രവേശിച്ചു. എന്നാൽ അധികം വൈകാതെ ഈ തൊഴിലിൽ നിന്നു പിരിച്ചുവിടപ്പെടുകയും1949-50 കാലഘട്ടത്തിൽ ജയിൽവാസം അനുഭവിക്കേണ്ടതായും വന്നു. പുനലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ട്രേഡ് യൂണിയൻ നേതാവ് എന്നീ നിലകളിൽ പ്രവർത്തിച്ച രാജഗോപാലൻ നായർ സർവോപരി ഒരു ഹരികഥാ കലാകാരനുമായിരുന്നു.



# ഇന്ത്യ - ജനുവരി 26

**അഞ്ജു തങ്കച്ചൻ**

ജനുവരി 26 ഇന്ത്യൻ റിപ്പബ്ലിക് ദിനം.




1947- ൽ ആഗസ്റ്റ് 15 ന് സ്വാതന്ത്ര്യം പ്രഖ്യാപിച്ചതോടെ ഭരണം ബ്രിട്ടീഷ് കാരിൽ നിന്ന് ഇന്ത്യക്കാരിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടെങ്കിലും രാഷ്ട്രത്തെയും പൗരന്മാരെയും സമഗ്രമായി ഉൾകൊള്ളുന്ന ഒരു ഭരണഘടന രണ്ട് വർഷത്തെ തീവ്ര യത്നത്തിനൊടുവിലാണ് രൂപപ്പെട്ടത്.
1950 ജനുവരി 26 ന് നാം ഒരു ജനാധിപത്യ റിപ്പബ്ലിക് ആയിത്തീർന്നു.
ലോകത്തിലെ ഏറ്റവും വലിയ ലിഖിത ഭരണഘടന നമുക്കുണ്ടായി.
രാജ്യത്തിന്റെ സ്വഭാവവും പൗരന്മാരുടെ സ്ഥാനവും നിശ്ചയിക്കുന്ന അടിസ്ഥാന പ്രമാണമാണ് ഭരണഘടന.
1946 ഡിസംബർ 6 ന് ആണ് ഭരണഘടനാ നിർമാണ സമിതി ഉണ്ടായത്.
389 പ്രഗത്ഭർ ഉണ്ടായിരുന്ന ഈ സമിതിയിൽ Dr. സച്ചിതാനാന്ദ സിൻഹയും പിന്നീട് Dr.രാജേന്ദ്ര പ്രസാദും അധ്യക്ഷൻ ആയി.
11 മാസവും 18 ദിവസവും എടുത്ത് 165 ദിവസങ്ങൾ സമ്മേളിച്ചാണ് ഇത് ഉണ്ടാക്കിയത്.
Dr.ബി. ആർ. അംബേദ്കറുടെ നേതൃത്വത്തിലുള്ള 7 അംഗ സമിതിയാണ് ഭരണഘടനയുടെ കരട് തയ്യാറാക്കിയത്. അതിനാൽ ഭരണഘടനാ ശില്പി എന്ന് അറിയപ്പെടുന്നത് ഇദ്ദേഹമാണ്.
1949 നവംബർ 26 ന് പൂർത്തിയാക്കുകയും സമിതി അംഗീകരിച്ചു.
1950 ജനുവരി 26 ന് നിലവിൽ വരുകയും ചെയ്തു.
ഇന്ത്യ ഒരു പരമാധികാര സോഷ്യലിസ്റ്റ് മതേതര ജനാധിപത്യ റിപ്പബ്ലിക് ആണ്.
അതിന്റെ ഭരണഘടനക്കു സവിശേഷതയുള്ള 6 അടിസ്ഥാനങ്ങളുണ്ട്.

1.ജനകീയ പരമാധികാരം
2.മൗലികാവകാശങ്ങൾ
3.രാഷ്ട്രനിയമനിർദേശക തത്വങ്ങൾ
4.സ്വതന്ത്ര നീതി ന്യായ വ്യവസ്ഥ
5.ഫെഡറൽ സംവിധാനം
6.മതേതരത്വം





ചിന്തക്കും ആശയ പ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠക്കും ആരാധനക്കുമുള്ള സ്വാതന്ത്ര്യം സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പു വരുത്തി കൊണ്ടുള്ള സാഹോദര്യം എന്നിവയാണ് നമ്മുടെ ഭരണഘടന നൽകുന്ന മൂല്യങ്ങൾ.
അത് ഉയർത്തിപ്പിടിക്കുന്നതാകണം എല്ലാ റിപ്പബ്ലിക് ദിനങ്ങളും.




**മൗലികാവകാശങ്ങൾ.**

സമത്വത്തിനുള്ള അവകാശം (ആർട്ടിക്കിൾ 14-18)
സ്വാതന്ത്ര്യത്തിനുള്ള അവകാശം (19-22)
ചൂഷണത്തിനെതിരെയുള്ള അവകാശം (23-24)
മത സ്വാതന്ത്ര്യത്തിനുള്ള അവകാശം (25-28)
സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം ( (29-30)
ഭരണഘടന പ്രകാരമുള്ള പരിഹാരങ്ങൾക്കുള്ള അവകാശം (32-35)

**റിപ്പബ്ലിക് എന്നാൽ ജനക്ഷേമ രാഷ്ട്രം എന്നാണ്. പൊതുകാര്യം എന്നർത്ഥമുള്ള "respublica" എന്ന ലാറ്റിൻ പദത്തിൽ നിന്ന് ഉത്ഭവം. പരമാധികാരം ജനങ്ങൾക്ക് ഉള്ള രാജ്യങ്ങളെയാണ് റിപ്പബ്ലിക് എന്ന് വിളിക്കുന്നത്.**

# ? WHAT MAKES A GOOD STUDENT

Kamalu Raju 9 C

Good grades, a positive attitude and hard working are all qualities of a good student. A good student does not always depend on those three qualities though. A good student comes to class and pays attention to the teacher. Self decipline and the time management are also important factors to being a good student.

Senior Aubrey Noe says , " a good student does what they can for their teachers, family and friends." for a good student to suceed and accomplish their goals, they need to have the right encouragment from their teachers. The top priority of a good student should be to do your best in school and prioritize your life. Hannah Huston, a senior, said"A good student is someone who is respectful, gets their work done,and support their peers."

Behaviour is another good aspect to a good student. Listening to your teacher, following instructions , and raising your hand to ask a question are all a few form of respect and good behaviour. Being on time to class is also an important factor, it will not only help students to not get tardies in high school, but will help them in the future, when getting a job.

So from students studying and doing their homework to having a positive attitude and managing their time and priorities, a good students tries best to do their best.

# ആശുപത്രി

പി.എച്ച്.



**അ**യലത്തുകാർ നിലവിളിച്ചോടിക്കൂടി
തോളിലേറ്റി ഗ്രാമ നടുവിലെ ആശുപത്രിയിൽ...
നടുക്കത്തെ മുറിയിലെ തടിമേശക്കടുത്തുള്ള
വലിയ സ്റ്റൂളിലിരുന്നപ്പോൾ
ഡോക്ടർ സാർ കയ്യുടെ ഞരമ്പ് പിടിച്ച് നോക്കി,
കഴുത്തിൽ തൂക്കിയ കുഴലെടുത്ത് നെഞ്ചത്തമർത്തി...
വലിയ കുപ്പിയിൽ നിന്നിത്തിരി ചുമന്ന മരുന്ന്,
അമ്മയുടെ കയ്യിലെ ചെറിയ കുപ്പിയിലൊഴിച്ച്,
കടലാസിൽ പൊതിഞ്ഞ വെള്ള ഗുളികയും
 പിന്നെ വലിയ സിറിഞ്ചു കൊണ്ടൊരു കുത്തും
കൊണ്ടപ്പോൾ ശ്വാസം നേരെവീണത്
ആശുപത്രിയോർമ്മ...

ആളൊഴിഞ്ഞ മുറിയിൽ നിന്നാരോ വലിച്ചെടുത്ത് ,
സൈറൺ മുഴക്കിയെത്തിയ ആംബുലൻസിന്റെ
സ്ട്രക്ച്ചറിൽ കെട്ടിയിട്ടതും ...
സ്കാനിങ് മെഷീനിലൂടെ പുറത്തു വന്ന്,
വയറിനുള്ളിലൂടെയും പിന്നിലൂടെയും കുഴലുകൾ കയറിയിറങ്ങി...
ചോര കുറേ കുത്തിയെടുത്തതും ...
പിന്നെയും റിസൾട്ടുകൾ കാത്തു കിടന്നപ്പോൾ
കേട്ട വെന്റലേറ്ററിന്റെ നിശ്വാസവും...
കയ്യിൽ കിട്ടിയ ബില്ലിന്റെ
ജി.എസ്.ടി. നോക്കി ഞാനുണർന്ന
വേഗം പുറത്തിറങ്ങി...
ശ്വാസം നേരെയാക്കാൻ ശ്രമിച്ചതും
ഇന്നനുഭവം ...


# പ്രണയം

**ഉത്തര VIII B**

വിരഹമാമാനന്ദത്തിലലിയുന്ന
നോവാണ് പ്രണയം;

അലിയുന്ന മധുരത്തിൻ
എരിവാണ് പ്രണയം;

കാഠിന്യമേറിയ നേർത്ത
കിരണങ്ങലളാണു പ്രണയം;



കണ്ണീർ കലർന്നൊരു
പുഞ്ചിരിതൻ നിലാവാണു
പ്രണയം;
ഒരിക്കലു മരിക്കാത്ത ജീവനീ
പ്രണയം;
എൻ തുലികയി ലോതുങ്ങാത്ത
വികാരമീ പ്രണയം;

# 22 പിക്സൽ മെഗാക്യാമറ




**അജ്മി നൗഷാദ്**




ഒരു ക്ലിക്കിൽ
ഈ ക്യാമറയിലേക്കെത്ര
പുതിയ
ജന്മോദയം
ചോപ്പുഗ്രഹത്തിനെ
ഇരുണ്ട ഭൂഖണ്ഡത്തിനെ
ഉയർന്ന ഗർത്തത്തിനെ
തേടിയെൻ ക്യാമറ

സൂപ്പർസോണിക്
യുഗാന്തരഭ്രമിയിൽ
എരിഞ്ഞടങ്ങിയ
വിറകുകൊള്ളികളെ
വെറുതെ നോക്കി ഞാൻ

ഇന്നിതാ മെട്രോസിറ്റിയുടെ
ശിരസ്സിൽ ഒരു കുരുന്നിന്റെ
അഴകിയ
മാംസപിണ്ഡം
തുളച്ചുകയറി
മാനവജീവിതമെന്ന
മെഗാ ക്യാമറയിൽ...





# വിദ്യാലയം



പി.എച്ച്. മുഹമ്മദ്. പത്തനാപുരം.

**ക**റുത്ത റബർ വലിച്ചിട്ട്
മൂന്ന്, നാല് പുസ്തകം കയ്യിൽ പിടിച്ചോ
ഷർട്ടിനുള്ളിൽ തിരുകിയോ
ചിലപ്പോൾ ഓടുന്ന വണ്ടിക്ക് സ്റ്റീയറിങ് ആക്കിയും....
ഓലമേഞ്ഞ ഷെഡിന് താഴെ തറയിൽ വട്ടത്തിലിരുന്നും
ചിലപ്പോൾ മുറ്റത്തെ മരച്ചുവട്ടിലും.....
ഒന്നോ രണ്ടോ ടീച്ചർമാർ വൈകും വരെ
കയ്യിലെ ചൂരലിന്റെ ബലത്തിൽഗൗരവം നടിച്ചും...
ചിലപ്പോൾ ബെഞ്ചിന്റെ മുകളിലോ,
ഡെസ്കിന്റെ മുകളിലോ ശിക്ഷയും കാത്ത്...
അപ്പുറത്തെ കൊച്ച് ഷെഡ്ഡിൽ നിന്നുയരുന്ന
ഉപ്പുമാവിന്റെ ഗന്ധം,
ഉച്ചനേരം വരെ മുഷിയാതെ
കാത്തിരിക്കാൻ പ്രേരണയും...

അടികൂടിയും, കള്ളനും പോലീസും ആയും
പല കളികളും വഴിനീളെ നടത്തിയും
സന്ധ്യക്ക് കുഞ്ഞ് വീട്ടിലെത്തി
മണ്ണെണ്ണ വിളക്കിന്റെ വെട്ടത്തിൽ
ഉറക്കം തൂങ്ങി വായിച്ച വരികൾ
കാണാതെ ചൊല്ലി പറഞ്ഞതാണ്
എന്റെ വിദ്യാലയം.
ഇന്ന്
പുറകിലെ ബാഗിൽ തിരുകിയ ലാപ് ടോപ്പിൽ
ഇന്നലെ കോപ്പി ചെയ്ത കവിതയും
സയന്റിഫിക് എവിഡൻസും
ലോക പ്രശസ്ത സത്യങ്ങളും
എല്ലാം നിറച്ചെന്റെ വിജ്ഞാനം, ഡിജിറ്റലായി...
പ്രോജെക്ടറിൽ പ്രദർശിപ്പിച്ചപ്പോൾ എല്ലാവരുമെന്നെ പ്രശംസിച്ചു...
ഞാനും എന്റെ വിദ്യാലയവും **ഹൈടെക്ആയി.**




**Gaadha j Nisam**

# GET OVER ME

***Sredha Raj***

*Get over me*
*You'd say*
*Quite justifiably*
*To do that , Baby*
*I'd have first*
*To get over myself*
*Knowing me,*
*I' could be easier to climb*

# POOR GIRL

*UTHARA .S*

*Once I meet a girl.*
*She looked like a pearl.*
*She always broke in tears.*
*She looked like a red rose.*
*She looked at me for a long time*
*like a child.*
*I don't know why she cried.*
*Everyday I think of her*
*before I go to sleep.*
*But I could  not find a reason.*
*I think she is an **orphan.***
*While thinking of her ,*
*I slipped into sleep........*



# ധനപാലനും രവിയും

നന്ദന കൃഷ്ണൻ

ഒരിടത്ത് ധനപാലനും രവിയും എന്ന് പേരുള്ള രണ്ടു സുഹൃത്തുക്കൾ ഉണ്ടായിരുന്നു.ഇരുവരും നാലാം ക്ലാസ്സിൽ പഠിക്കുന്നു.രവി ഒരു കർഷക കുടുംബത്തിലെ കുട്ടി ആണ്. അവനു മൂന്നു സഹോദരങ്ങൾ കൂടി ഉണ്ട്. അവൻ ഒരു ദരിദ്ര കുടുംബത്തിൽ ആണ് ജീവിക്കുന്നത്.




ധനപാലൻ ഒരു സമ്പന്ന കുടുംബത്തിലെ കുട്ടിയും, അവന്റെ അച്ഛന് സ്വന്തമായി കൊപ്ര മില്ലും ഉണ്ട്, അതുകൊണ്ട് തന്നെ അവർ സാമ്പത്തിക മായി മുൻപന്തിയിൽ ആണ്.
ധനപാലന്റെ കയ്യിലും കഴുത്തിലും ആഭരണങ്ങൾ ഉണ്ട്. അത് കണ്ടാൽ തന്നെ അറിയാം അവൻ ഒരു സമ്പന്ന കുടുംബത്തിലെ കുട്ടി ആണ് എന്ന്.
അവൻ ഒറ്റ മകൻ ആണ്.
ഇരുവരും ഒരേ ക്ലാസ്സിൽ ആണ് പടിക്കുന്നത്.
രവി സ്കൂളിൽ നിന്ന് ആണ് ഉച്ച ഭക്ഷണം കഴിക്കുന്നത്.
രവിയുടെ വീട്ടിൽ ആറു അംഗങ്ങൾ ഉള്ളത് കൊണ്ട് വീട്ടിലെ ഭക്ഷണം പലപ്പോഴും തികയാറില്ല, എന്നാൽ ധനപാലൻ ഉച്ചഭക്ഷണം വീട്ടിൽ നിന്നാണ് കൊണ്ട് വരുന്നത്.
ഒരു ദിവസം ഇരുവരും സ്കൂളി ലേക്ക് വരുന്ന വഴി ക്കു ധനപാലന്റെ ചോറ്

പാത്ര തറയിൽ വീണു പൊട്ടി.ചോറ് മുഴുവനും റോഡിൽ ചിതറി.

അന്ന് ഉച്ചക്ക് സ്കൂളിൽ നിന്ന് എല്ലാവരും ഭക്ഷണം കഴിക്കുക ആണ്. ധനപാലനു നല്ല വിശപ്പ് ഉണ്ട്. രവി അവനെ ഭക്ഷണം കഴിക്കാൻ വിളിച്ചത് ആണ്, പക്ഷേ അവനു അവരുടെ കൂടെ ഇരുന്നു ഭക്ഷണം കഴിക്കുന്നത് അപമാനം ആണ്.

ആ കൊല്ലം അങ്ങനെ കഴിഞ്ഞു. അടുത്ത കൊല്ലം ഇരുവരും 5-ാം ക്ലാസിൽ പടിക്കുന്നു.

അന്ന് ഒന്നാം ക്ലാസ്സിലേക്ക് നിറയെ കുട്ടികൾ ഉണ്ടായേറുന്നു.

ഒരു ദിവസം രവി നോക്കുമ്പോൾ ഉച്ച ഭക്ഷണം കഴിക്കുന്ന കുട്ടികൾക്ക് ഇടയിൽ ധന പാലനും ഇരുന്നു ഭക്ഷണം കഴിക്കുന്നു, രവിക്ക് ഒന്നും മനസിലായെല്ലാ. കാരണം തിരക്കിയപ്പോൾ അവന്റ്റ അച്ഛൻ നടത്തികൊണ്ടേരുന്ന മില്ല് നഷ്ടംത്തി ൽ ആയീ ഇപ്പോൾ ധനപാലനും കുടുംബവും ഒരു കൊച്ചു വാടക വീട്ടിൽ ആണ് താമസം.

രവിയുടെ അച്ഛൻ ഒരു ഹോട്ടൽ തുടങ്ങീ അതുകൊണ്ട് അവൻ വീട്ടിൽ നിന്നും ആണ് ഭക്ഷണം കൊണ്ട് വരുന്നത്.

ഭക്ഷണത്തിനു വക ഇല്ലാത്ത കുട്ടികൾ ആണ് സ്കൂളിൽ നിന്നും ഭക്ഷണം കഴിക്കുന്നത് എന്ന് അവനു അറിയാം. അതിന്റ്റ പങ്ക് പറ്റുന്നത് ശരി യല്ല എന്ന് രവിക്ക് തോന്നി.

അവനു ഒരു കാര്യം കൂടെ മനസ്സിൽ ആയീ സമ്പത്ത്, ധനം എന്നിവ ഉള്ളവർ അഹങ്കരിക്കരുതു.

അത് എപ്പോഴും നമ്മുടെ കൂടെ കാണില്ല എന്ന്...





# നാരങ്ങമിഠായികൾ

ആഷ്ന നൗഷാദ്

ആ തെരുവ് വീഥി വിജനമായിരുന്നു.

അയാൾപതിയെനടന്നുനീങ്ങി.

അയാൾക്ക്പേരില്ല,എല്ലാവരും അനാഥനെന്നാണ്

വിളിക്കുന്നത്.



നര വീണുതുടങ്ങിയ മുടിയും താടിയും

.വൃത്തിഹീനമായവസ്ത്രം.പാദരക്ഷകൾ പോലും ധരിക്കാറില്ല. അയാൾ വഴിയിലാകെ പരതിനോക്കി.അയാൾക്ക് അച്ഛനോ അമ്മയോ ഇല്ല.വീടില്ല.എപ്പോഴും തെരുവിലാണ്.ആ അനാഥൻ വഴിയിൽ കണ്ട ഒരു പീടികയിൽ നിന്ന് കുറേ നാരങ്ങമിഠായികൾ വാങ്ങി . നിറംമങ്ങിയ തന്റെ സഞ്ചിയിൽ നിന്ന് ഒരു അഞ്ചുരൂപതുട്ട് കടക്കാരന് നൽകി. അയാൾക്ക് പലയിടങ്ങളായ് കാത്തിരിക്കുന്ന കുറെ കുട്ടികളുണ്ട്.അവർ അയാളെ മിഠായ് മാമൻ എന്നാണ് വിളിക്കുന്നത്.അവർക്ക് വേണ്ടിയാണ് ഈ മിഠായികൾ.

കുട്ടികൾക്ക് വളരെ പ്രിയപ്പെട്ടവയാണ് അനാഥന്റെ

മിഠായികൾ.രക്ഷിതാക്കൾ എപ്പോഴും അവരെ
വിലക്കാറുണ്ട്.വൈകാതെ അയാളൊരു സ്കൂളിലെത്തിച്ചേർന്നു.
അയാളെ കണ്ടയുടനെ കുട്ടികൾ ഓടിയെത്തിയില്ല.
അവർ പുച്ഛത്തോട അയാളെ നോക്കി.
അവർ പറഞ്ഞു -ഭ്രാന്തനാണെന്ന തോന്നുന്നു.ഓടിച്ച് വിട്..ഇത്
അദ്ദേഹത്തെ വല്ലാതെ വേദനിപ്പിച്ചു.മറ്റുള്ളവർ അയാളെ
പുറത്തേക്ക്തള്ളി.സഞ്ചി വലിച്ചെറിഞ്ഞു.
അതിൽ നിന്ന് പല വർണ്ണങ്ങളുള്ള നാരങ്ങമിഠായികൾ
റോഡിലേക്ക ചിതറിവീണ.**അനാഥകുഞ്ഞുങ്ങളെപ്പോലെ.**



# ചിന്നുവും മിന്നുവും

അൻസിയ ഷെരീഫ്

**മ**ഞ്ഞിൽ കുളിച്ച് സൂര്യന്റെ കിരണങ്ങളെ വരവേൽക്കുന്ന മലനിരകൾ,മലയുടെ താഴ്വാരയിലായി പൂന്തോട്ടം പോലെ തോന്നിക്കുന്ന മനോഹരമായ പ്രദേശം. പല നിറത്തിലുമുള്ള പൂക്കളുടെ മുകളിലൂടെ വർണ്ണശലഭങ്ങൾ പാറിനടന്നു.

മിന്നു എന്ന പെൺകുട്ടിക്ക് താഴ്ഭാഗത്തിന്റെ ഒരു വശത്ത്നിന്ന് പതിയെ ചുമന്ന പട്ടുപാവാട ധരിച്ച് പൂക്കളുടെ സൗന്ദര്യം ആസ്വദിക്കുന്നതിനൊപ്പം അവളുടെ കണ്ണുകൾ ആർക്കോവേണ്ടി പരതുന്നുമുണ്ടപൂക്കളുടെ ഇടയിലൂടെ പച്ച പട്ടുപാവാടയും ധരിച്ച് മിന്നുവിന്റെ കൂട്ടുകാരി ചിന്നു വന്നു.അവൾ പൂക്കളുടെ ഇടയിലൂടെ അവർ പന്തുകളിച്ചു . അപ്പോൾ അവർ പൂന്തോട്ടത്തിന്റെ ഇടയിൽ നിന്നും ഒരു ശബ്ദം കേട്ടത്. പെട്ടെന്ന് ഒരു ശബ്ദം കേട്ടത് അപ്പോഴാണ് ഒരു ഭീമൻ കരടിയെ കണ്ടത് . അതിനെ കണ്ട ഉടൻ തന്നെ ശബ്ദം ഉണ്ടാകാതെ അവിടുത്തെ കാവൽക്കാരൻെറ വീട്ടിലേക്ക് ഓടി ഒളിച്ചു ചിന്നുവും മിന്നുവും അദ്ദേഹത്തിനോട് കാര്യം പറഞ്ഞു ഇതു കേട്ട് കാവൽകാരൻ തന്റെ കയ്യിലിരുന്ന പടക്കം പൊട്ടിച്ചു പൂന്തോട്ടതിലേക്ക് എറിഞ്ഞു ശബ്ദം കേട്ട് കരടി അടുത്തുള്ള കാട്ടിലേക്ക് ഓടിമറഞ്ഞു. അതിനുശേഷം ചിന്നുവും മിന്നുവും അവിടെ പന്ത് കളിക്കാൻ പോകുന്നതു നിർത്തി

# കലികാലം

**ആഷ്ന നൗഷാദ്**

**ജ**ലം വായു മണ്ണ് ഇതൊക്കെ ഒരു പ്രദേശത്തിന്റെ പൊലിമയുടെ അടിസ്ഥാന സുചനകളാണ് .ഹിന്ദു പുരാണങ്ങളിൽ ഇതിനൊക്കെ പല ദേവൻമാരുമുണ്ട് . അപ്പോഴും ഈ വൈവിധ്യങ്ങളായ ഘടകങ്ങൾ ജിവന്റെ ഒരു തുടിപ്പിനു എത്ര സഹായം നൽകുന്നുണ്ടെന്ന് ഓർക്കുവാൻ ഇച്ഛാ ശക്തി ഒന്നു വേണ്ടത് തന്നെ. ഇങ്ങനെയൊക്കെ ആലോചിക്കുമ്പോൾ , ഒരു വർഷത്തിന്റെ കാൽ ഭാഗത്തോളം നന്നായി സ്പർശിച്ചും പിന്നീട് ഓർമകളിൽ എന്നുമൊരു സമുദ്രം തീർത്തും പുലർന്ന ഒരു പ്രളയകാലം അതിൽനിന്നും കരകയറാൻ അനുവാര്യമായി വന്ന ഉൾകരുത്തും ശുഭാപ്തി വിശ്വാസവും ഓടിമറയുകയാണ് മനസീൽ അങ്ങനെ അങ്ങനെ പിന്നെയും ഒരു വേനൽ കാലത്തിലെക്ക് ഭ്രമി കാൽ വെയ്ക്കുന്നു ഋതു ഭേദങ്ങൾക്ക് അനുസരിച്ച് നിറ ഭേദങ്ങൾ കാട്ടുന്ന പ്രകൃതിയിൽ ഇല കൊഴിയുന്നതും മഴ വർഷിക്കുന്നതും കണ്ട് കാലം മറന്നത് ഉൾക്കൊള്ളുന്ന സാധാരണ ജനതയ്ക്കും ആകാംഷ വീക്ഷിച്ച് വിധി എഴുതുന്ന ശാസ്ത്രലോകത്തിനും പിന്നെ സാമുഹിക മാധ്യമങ്ങൾ വഴി ആശംസകൾ മുതൽ ദുരന്തങ്ങൾ വരെ പരത്തുന്ന പുതിയ തലമുറയ്ക്കും ഓർത്തുവയ്ക്കാൻ സാധിക്കേണ്ടതാണ് ഇനിയുള്ള കരുതലുകളേയാണ് ഒരിക്കലും കടന്നെത്താത്ത വെള്ളപൊക്കതിനപ്പുറം ഇനിയുള്ള വരൾച്ച എന്ന ഓർമ്മപ്പെടുത്തലാണ് അസഹ്യമായ ഉഷ്ണത്തെ കടന്നുപോകാൻ കേരള ജനതയ്ക്ക് കഴിയട്ടെ.

**ലഹരിക്കെതിരെ** പുനലൂർ പട്ടണം മുഴുവൻ ബോധവൽക്കരണം.
**വിമുക്തി ക്ലബ്ബും SPC യും സംയുക്തമായി.**
















## വാർത്തകളിൽ



# സംഗീതത്തിൽ വിജയം ആവർത്തിച്ച് സൗപർണിക



സൗപർണിക

**പുനലൂർ:** ജില്ല സ്കൂൾ കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗം സംഗീത മത്സരത്തിൽ വിജയം ആവർത്തിച്ച് പുനലൂർ ഗവ.എച്ച്.എസ്.എസിലെ ഒമ്പതാം ക്ലാസുകാരി എ.എസ്. സൗപർണിക. ശാസ്ത്രീയസംഗീതം, കഥകളിസംഗീതം എന്നിവയിൽ ഒന്നാം സ്ഥാനവും മലയാളം പദ്യംചൊല്ലിൽ മൂന്നാംസ്ഥാനവും നേടി. കഴിഞ്ഞവർഷം കഥകളിസംഗീതത്തിൽ ഒന്നാംസ്ഥാനവും ശാസ്ത്രീയസംഗീതത്തിൽ രണ്ടാംസ്ഥാനവും നേടിയിരുന്നു.

യു.പി ക്ലാസുകളിൽ ശാസ്ത്രീയസംഗീതത്തിൽ മൂന്നുവർഷവും ജില്ലയിൽ ഒന്നാം സ്ഥാനത്തായിരുന്നു.

ഇത്തവണത്തെ ഗണിതശാസ്ത്രമേളയിൽ രാമാനുജൻ പേപ്പർ പ്രസന്റേഷനിൽ ഒന്നാംസ്ഥാനം നേടിയിരുന്നു.

കഴിഞ്ഞവർഷം മുഖ്യമന്ത്രിക്ക് കത്തെഴുതിയും സമ്മാനം വാങ്ങി. സഹകരണവകുപ്പ് ജീവനക്കാരൻ അനിൽകുമാറിന്റെയും സിന്ധുവിന്റെയും മകളാണ്.




പുനലൂർ ഗവ.എച്ച്.എസ്.എസിലെ വിദ്യാർഥികൾ നടത്തിയ ലഹരിവിരുദ്ധ ബോധവത്കരണ റാലി

# ലഹരിവിരുദ്ധദിനം ആചരിച്ചു

**പുനലൂർ:** ഗവ. എച്ച്.എസ് സ്കൂളിന്റെ ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധദിനം ആചരിച്ചു. ലഹരിക്കെതിരെ പ്രതിജ്ഞയെടുത്ത വിദ്യാർഥികൾ പട്ടണത്തിൽ ബോധവത്കരണവും നടത്തി.

താലൂക്ക് ആശുപത്രി, മുനിസിപ്പാലിറ്റി ഓഫിസ് പരിസരം, ബസ്സ്റ്റോപ്പുകൾ, തൂക്കുപാലം, മെഡിക്കൽ സ്റ്റോറുകൾ ഉൾപ്പെടെയുള്ള കടകൾ, ആളുകൾ ഒത്തുകൂടുന്ന മറ്റ് പ്രദേശങ്ങൾ കേന്ദ്രീകരിച്ചായിരുന്നു പ്ലക്കാർഡുകൾ, കൊളാഷ് എന്നിവ ഉപയോഗപ്പെടുത്തിയുള്ള ബോധവത്കരണ പരിപാടി.

പുനലൂർ എസ്.ഐ ജെ. രാജീവ് ഉദ്ഘാടനം ചെയ്തു. പ്രധമാധ്യാപകൻ പി.ആർ. ശ്രീകുമാർ അധ്യക്ഷത വഹിച്ചു.

വിമുക്തി ക്ലബ് കൺവീനർ പി.എച്ച്. മുഹമ്മദ്, എസ്.പി.സി യൂനിറ്റ് സി.പി.ഒ ജി. അനിൽ, എ. സന്ധ്യ, എസ്.എസ്. സന്ധ്യ, പി.ടി.എ പ്രസിഡൻറ് സന്ധ്യാ തുളസി എന്നിവർ സംസാരിച്ചു.



...എച്ച്.എസ്.എസിൽ ലഹരിവിരുദ്ധ ക്ലബും സെമിനാറും എക്സൈസ് കമീഷണർ ഋഷിരാജ്സിങ് ഉദ്ഘാടനം

# കുട്ടികളിലെ ഏകാന്തതയും ഒറ്റപ്പെടലും ലഹരിയിലേക്കെത്തിക്കും –ഋഷിരാജ് സിങ്

**പുനലൂർ:** കുട്ടികളിലെ ഏകാന്തതയും ഒറ്റപ്പെടലും അവരെ മദ്യത്തിലേക്കും മയക്കുമരുന്നടക്കമുള്ള ലഹരിവസ്തുക്കളിലേക്കും എത്തിക്കുമെന്ന് എക്സൈസ് കമീഷണർ ഋഷിരാജ് സിങ്.

മാതാപിതാക്കൾക്ക് കുട്ടികളോട് സ്നേഹവാത്സല്യം കുറയുന്നതും അവരോടൊത്ത് സമയം ചെലവഴിക്കാത്തതുമാണ് ഏകാന്തതക്കും ഒറ്റപ്പെടലിനും ഇടയാക്കുന്നത്.

പുനലൂർ ഗവ. എച്ച്.എസ്.എസിൽ ലഹരിവിരുദ്ധ ക്ലബും സെമിനാറും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പഠനത്തിനൊപ്പം വ്യക്തിത്വ വികസനത്തിനും കലാ-കായിക- സാഹിത്യരംഗത്തും കുട്ടികൾക്ക് മതിയായ പ്രോത്സാഹനം നൽകണം. സിവിൽ സർവിസിനും സ്പേസ് രംഗത്തും പ്രതിരോധരംഗത്തും വേണ്ട പ്രോത്സാഹനം നൽകാതെ മെഡിക്കലിലും എൻജിനീയറിങ്ങിലും കുട്ടികളെ തളക്കുന്ന പ്രവണത വർധിച്ചുവരുന്നു. മാതാപിതാക്കൾ, അധ്യാപർ എന്നിവരിൽനിന്ന് കുട്ടികൾക്ക് പിരിമുറക്കം ഉണ്ടാക്കരുതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പി.ടി.എ പ്രസിഡൻറ് ആർ. പ്രസാ... അധ്യക്ഷത വഹിച്ചു.

നഗരസഭ ചെയർമാൻ എം.എ രാജഗോപാൽ, സന്ധ്യ തുളസി, ഷാജിമോൻ, വി.വി. ഉല്ലാസ്രാജ്, പ്രിൻസിപ്പൽ റമീലബീവി, ജി. അ...ഞ്ജിത്, എം. അജീഷ്, ലഹരിവിരുദ്ധ ക്ലബ് കൺവീനർ പി.എച്ച്. മുഹമ്മദ്, പ്രഥമാധ്യാപിക കെ.എസ്. വിക്ടോറിയ, പി. ജയഹരി എന്നിവർ സംസാരിച്ചു. വിവിധമേഖലയിൽ മികവ് തെളിയിച്ചവരെ അ...






# ജൈവപച്ചക്കറി തോട്ടം



ഗവ എച്ച് എസ് എസ് പുനലൂർ എസ്. പി.സി യൂണിറ്റിന്റെ നേതൃത്ത്വത്തിലുള്ള ജൈവ പച്ചക്കറി തോട്ടം .ഇതിന് നേതൃത്ത്വം വഹിക്കുന്നത് അനിൽ .ജി സന്ധ്യാ എസ് .എസ് എന്നീ അധ്യാപകരാണ് തക്കാളി വഴുതന പച്ചമുളക് പയർ പാവൽ തുടങ്ങി വിവിധയിനം പച്ചക്കറികൾ ഇവിടെ നട്ടുവളർത്തിയിരിക്കുന്നു പൂർണമായും ജൈവവളങ്ങൾ മാത്രമാണ് ഉപയോഗിക്കുന്നത് .ഇവിടെ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ സ്കൂളിലെ ഉച്ചഭക്ഷണം തയ്യാറാക്കാനായും ഉപയോഗിക്കുന്നു.



സ്കൂളിലെ ഇക്കോ ക്ലബ്ബിന്റെ നേതൃത്ത്വത്തിൽ പരിസരത്ത് വിവിധയിനം ഔഷധസസ്യങ്ങൾ നട്ട പരിപാലിക്കുന്നു തുളസി ,ആടലോടകം , കീഴാർ നെല്ലി കച്ചോലം, കറ്റാർ വാഴ ,എരുക്ക് ,മുരിങ്ങ ,കയ്യോന്നി, തുടങ്ങി ധാരാളം ഔഷധ സസ്യങ്ങൾ ഇവിടെ ഉണ്ട്.






കൊല്ലം ജില്ലാ സീനിയർ ഖോ - ഖോ മത്സരത്തിൽ
ചരിത്ര വിജയം നേടി 1-ാം സ്ഥാനത്തെത്തിയ
പുനലൂർ ഗവ. ഹയർ സെക്കന്ററി സ്കൂളിലെ
കായിക താരങ്ങൾക്കും, കായിക അധ്യാപികയ്ക്കും
അഭിനന്ദനങ്ങൾ...
STUDENTS
STAFF
PTA

















# ? ചോദ്യോത്തരം

1.ചന്ദ്രനിലെ പാറകളിൽ ധാരാളമായി കാണപെടുന്ന ലോഹം?

ടൈറ്റാനിയം

2.അടിച്ച് പരത്തി ഷീറ്റുകളാക്കാൻ സഹായിക്കുന്ന ലോഹ സവിശേഷതക്ക് പറയുന്ന പേര് ?

മാലിയബിലിറ്റി

3.കുളിസോപ്പിൽ അടങ്ങിയിട്ടുള്ള ലോഹം എന്ത് ?

പൊട്ടാസിയം

4.കളിമണ്ണിൽ സമൃദ്ധമായ ലോഹം എത് ?

അലൂമിനിയം

5.ദ്രവിക്കലിനെ എറ്റവും നന്നായി തടയുന്ന ലോഹം ഏത് ?

ഇറീടിയം

6.യഥാർത്ഥ വജ്രത്തെ തിരിച്ചറിയാൻ ഉപയോഗിക്കുന്നത് ?

അൾട്രാവയലറ്റ് കിരണങ്ങൾ.

7.രണ്ടോ അതിലധികമോ ഘടക മൂലകങ്ങൾ ചേർന്നതും അതിൽ ഒന്നെങ്കിലും ലോഹവുമായ പദാർത്ഥത്തിന് പറയുന്ന പേര് ?

ലോഹസങ്കരം

8.മരതകത്തിന്റെ നിറം എന്ത് ?

പച്ച

9.പഞ്ചസാരയുടെ രാസനാമം എന്ത് ?

c12h22o11

10.മുല്ലപൂവിന്റെ മണമുള്ള രാസ പദാർത്ഥം ഏത്

ബെൻസൈൽ അസറ്റേറ്റ്       കെസിയ

# ക്വിസ്

1.ആദ്യത്തെ അമേരിക്കൻ ബഹിരാകശ സഞ്ചാരി ആര് ?

ഉ :അലൻഷെഫ്രീദ്

2.പാവങ്ങളുടെ ഓറഞ്ച് എന്നറിയപ്പെടുന്ന ഫലം?

ഉ :തക്കാളി

3.കരോട്ടിൻ എന്ന വസ്തുവിന്റെ നിറം?

ഉ : മഞ്ഞ

4.നവജാതശിശുവിന്റെ ശ്വസോച്ഛ്വസ നിരക്ക് എത്ര?

ഉ :60

5.അന്തരിക്ഷമുണ്ടെന്ന് തെളിഞ്ഞ ഏക ഉപഗ്രഹം?

ഉ :ടൈറ്റൻ

6.ജലം ശുദ്ധീകരിക്കുന്നതിന് ഉപയോഗിക്കുന്ന ലവണം?

ഉ :പൊട്ടാഷ് ആലം

7. കാർബൺ സംയുക്തങ്ങെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖ

ഉ : ഓർഗാനിക്ക് കെമിസ്ട്രി

8 .ലോകത്തിലെ ഏറ്റവും വലിയ രാജ്യം?

ഉ :റഷ്യ

9.പഴങ്ങളുടെ റാണി ആര് ?

ഉ :മാമ്പഴം

10.ആധുനിക ഇന്ത്യയുടെ ശിൽപി ?

ഉ :ജവഹർലാൽ നെഹ്റു

ആഷിം

# جحا والسائل

Shanu Shajahan.XB

كان جحا في الطابق العلويّ من منزله، فطرق بابه أحد الأشخاص فأطلّ من الشباك فرأى رجلا
فقال: ماذا تريد؟ قال: انزل إلى أسفل لأكلمك، فنزل جحا
فقال الرّجل: أنا فقير الحال
وأريد حسنة يا سيدي، فاغتاظ جحا منه، ولكنّه كتم غيظه
وقال له: اتبعني. صعد جحا إلى أعلى البيت والرّجل يتبعه
فلمّا وصلا إلى الطابق العلويّ
التفت جحا إلى السّائل، وقال له: الله يعطيك




فأجابه الفقير: ولماذا لم تقل لي ذلك ونحن في الأسفل؟
فقال جحا: وأنت لماذا أنزلتني
ولم تقل لي وأنا فوق ما طلبك؟

# اللغة العربية

Nishad.N. XB

اللغة إحدى المواهب الربانية التي أنعم الله بها على الناس ليخرجهم من ظلمات الصمت إلى أنوار النطق ويسهل على من يشاء من عباده التحدث بها واستخدامها في حوائجه وجعلها وسيلة لجلب القلوب وسوق الهمم. وهناك توجد في العالم آلاف من اللغات المدونة وغير المدونة, المستقلة وغير المستقلة.

اللغة العربية من أمهات اللغات في العالم حيث اكتسبت مكانة تحسد عليها من النواحي المختلفة

لانتشار اللغة العربية في كيرالا وجهتان : الأولى الوجهة التجارية والثانية الوجهة الاجتماعية أو الدينية.

ولا شك أن المعاملات التجارية بين الطرفين اللذين يتملك كل واحد منهما لغة مستقلة تختلف من الأخرى اختلافا كاملا,

يقول: إن اللغة العربية كانت مستعملة في الأسواق التجارية الهندية كما كانت لغة مفضلة عند بعض

أما العوام فكانوا ينطقون بلغتهم المحلية في حياتهم العامة

هناك كثير من الكلمات العربية التي استعارتها لغة مليالم وتشكلت كأنها منها حقيقة وقد قام بعض الباحثين باستخراج هذا التأثير واكتشفوا آلاف من الكلمات العربية التي دخلت في مليالم نتيجة للتعايش والاختلاط بين العرب وأهل كيرالا منذ آلاف السنين].

وإن كانت اللغة العربية معروفة في كيرالا قبل الإسلام بمئات السنين, ولكن الإسلام قد أسرع انتشارها وكان بعض العرب قد استوطنوا كيرالا وكانوا يخالطون المواطنين وترعرعت العربية بواسطتهم أيضا

إن سر القوة في اللغة العربية يرجع إلى أنها لغة القرآن الكريم الذي هو دستور المسلمين ولغة الأحاديث النبوية التي تفسر الدستور الإسلامي. فهذه القوة في التغليب والتأثير هي في الحقيقة قوة إلهية وضعها الله في اللغة العربية. إن

اللغة العربية بحلاوتها ومرونتها وكثرة اتساعها في شرح العلوم وتفسيرها وجمالها
ويشهد لانتشار العربية في كيرالا وتأثيرها تمسك جمهور المسلمين بكون خطبة الجمعة باللغة العربية. وكذلك تكون مناسبات أخرى تسن فيها الخطبة يؤدونها ]بالعربية مثل صلاة العيدين والاستسقاء والكسوف والخسوف
وقد لعبت المدارس الدينية والمساجد الإسلامية دورا بارزا فعالا في الدعوة الإسلامية ونشر اللغة العربية لأن الدروس الإسلامية كانت تلقى في المساجد .[منذ العهد النبوي
وكان أهل كيرالا أيضا اتخذوا نفس الأسلوب في تعليم شرائع الله, وكان الأئمة والعلماء يشرفون على أداء الفرائض الدينية في تلك المساجد ويقومون بتدريس أولاد المسلمين ونشر العلوم الإسلامية بين أهالي البلاد وكان هناك بعض العلماء العرب قد تولوا مناصب القضاء والتبليغ للإسلام في المدن المليبارية وكانوا يبذلون
ويمكن أن تكون هذه الدروس المساجدية موجودة منذ بدء انتشار الإسلام في كيرالا لأن العلم عماد الدين
وأصبحت هذه المساجد في كيرالا مراكز التعليم حتى اليوم وارتفعت بعضها إلى ذروة الشهرة ونبغت فيها علماء وأدباء اشتهروا في العالم وكان من بينها فنان وقد لقب مسجدها الكبير الذي كان فيه طلبة العلم واللغة العربية من شتى أنحاء العالم, بلقب "مكة مليبار
وكانت العلوم المختلفة من التاريخ والجغرافيا وعلم الحكمة والمنطق والحساب والهندسة والمعاني والبيان والتفسير والحديث والفقه وغيرها تدرس في هذه الدروس بالإضافة إلى اللغة العربية إعرابا وبناء واشتقاقا ونحوا وصرفا ومحاورة
وكان نقطة تحول في تاريخ كيرالا أن أنشأ بعض العلماء نظاما للمدارس الدينية في دراساتهم الابتدائية. وهذه المدارس وإن لم تكن منظمة في بدئها ولكنها ساعدت المساجد في تقليل والآن يتجاوز عدد هذا النوع من الكليات فوق الخمسين

# حكم وأمثال وبعض الكلام

**Shibin .XB**

الذين ولدوا في العواصف، لا يخافون من هبوب الرياح

ستكونُ جاحداً لفضل مُعَّلمِكَ، إذا ظَللتَ تلميذاً طوال حياتِك

إخوان السوء كالنار يَحرق بعضهم بعضاً

قديماً قالوا: أي شخص ترفعه فوق قدره لا شك أنه سيضعك دون قدرك

يمكن لشخص أن يجعلك تنسى الآخرين جميعهم

وفي الوقت ذاته لا يمكن للآخرين أن يجعلوك تنسى هذا الشخص

القطرات القليلة تصنع جدولاً

جروح الضمير لا تلتئم أبداً

الضمير يساوي ألف شاهد

ضمير مذنب، عدو حي

الضمير المطمئن خير وسادة للراحة


## കാഴ്ചകൾ















*അധ്യാപന ജീവിതത്തിൽ അംഗീകാരം ..അനിൽ സാറും സഹദേവൻസാറും.*

# *SPC.* പരിശീലനത്തിൽ






പി.ടി.എ.പ്രസിഡന്റ്.

**ശ്രീ.ഉല്ലാസ് രാജ് .വി.വി.**

എക്സിക്യൂട്ടീവ് യോഗത്തിൽ.



സ്റ്റാഫ് യോഗത്തിൽ നിന്ന് ...






അധ്യാപക ജീവിതത്തിലെ വിവിധ ഭാവങ്ങൾ...

കവിത

# നവകേരളം

ഷാരോൺ വിക്ടർ VII.B


മന്ദസ്മിതം തൂവും മുഖം,
ആർദ്രമാം ഹൃദയം,
സർവ്വം സഹിക്കും മാനസം,
മർത്യന്റെ അഭയ കേന്ദ്രം...

നൊടിയിടയിൽ
മന്ദസ്മിതം അട്ടഹാസമായി
ആർദ്രത രൗദ്ര ഭാവമായി
സർവ്വം സഹ സംഹാര രൂപമായി...

മർത്യൻ നിരാലംബനായി
കലിയടങ്ങും പ്രകൃതിക്കു മുമ്പിൽ
നമ്ര ശീർഷരായി തൻ മക്കൾ.
പൊറുത്തീടണം പിഴയെന്നോതി
പണിവാനായൊരുങ്ങീടവേ,
ചേർന്നിടാം നമുക്കുമാ
ചങ്ങലയിൻ കണ്ണിയായി...
പണിയാം നവ കേരളം,
ദൈവത്തിൻ സ്വഗൃഹം.



# കൊല്ലം




അതി പുരാതന കാലം മുതൽ സഞ്ചാരികളെ ആകർഷിച്ച മനോഹരമായ പ്രദേശമാണ്.
ഇന്നും
സഞ്ചാരികൾക്ക് മനം നിറക്കുന്ന അത്തരം കാഴ്ചകൾ കൊല്ലം ജില്ലയുടെ പല പ്രദേശങ്ങളിലായി കാണാം. ചിലത് സംസ്ഥാന ടൂറിസം വകുപ്പ് ഏറ്റെടുത്തവയാണ്. ഇനിയും വികസനം പ്രതീക്ഷിക്കുന്നവയും ആ കാഴ്ചകളിൽ ഉണ്ട്. ലോക ശ്രദ്ധ ലഭിച്ചവയും അക്കൂട്ടത്തിൽ ഉണ്ട്. ചില കാഴ്ചകൾ ഇവിടെ കാണാം



**ജഡായു ശിൽപം.**

**മഹാത്മാ ഗാന്ധി പാർക്ക്. കൊല്ലം**





**പാലരുവി**



കൊല്ലം ബീച്ച്



അഷ്ടമുടി കായലും



തേവള്ളി കൊട്ടാരവും



ആക്കൽ വട്ടത്തിൽ ആറിന്റെ മനോഹരമായ കാഴ്ച



മയ്യനാട് തീരം



നീണ്ടകരയിലെ അസ്തമയം



എന്നും ഓർമയാകുന്ന 13 കണ്ണറ പാലവും തീവണ്ടിയും



കുടുക്കത്ത് പാറ



തങ്കശ്ശേരി കടൽ പാലം

ശെന്തുരുണി വന്യജീവി സങ്കേതം





ശാസ്താംകോട്ട ശുദ്ധജല തടാകം



## തെന്മല എക്കോ ടൂറിസം
## വിവിധ കാഴ്ചകൾ












# വചനങ്ങൾ

ഹെനിൻ.വൈ. IXB



ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് -ശ്രീനാരായണഗുരു



എന്റെ ജീവിതമാണ് എന്റെ സന്ദേശം

-മഹാത്മാഗാന്ധി



ഉദ്ദേശവും ലക്ഷ്യവുമില്ലാത്ത പരിശ്രമവും ധൈര്യവും അപൂർവ്വമാണ്.

-ജോൺ എഫ് കെന്നഡി



ഒരു കുട്ടി ഒരു അദ്ധ്യാപിക ഒരു പുസ്തകംപിന്നെ ഒരു പേന ഇവയ്ക്ക് ഈ ലോകം മാറ്റിമറിയ്ക്കാൻ സാധിക്കും -

മലാല യൂസഫ്സായി


ഒരാളുടെ മനസ്സ്
പവിത്രമാണെങ്കിൽ അയാളുടെ
ചുറ്റുപാടുകളും പവിത്രമായിരിക്കും

-ഗൗതമ ബുദ്ധൻ




പരാജയം എന്നത് നിങ്ങൾക്ക്
കൂടുതൽ കരുത്തോടെ
തിരിച്ചുവരാനുള്ള
അവസരമാണ്

-ഹെൻട്രിഫോർഡ്



ഉറക്കത്തിൽ കാണുന്നതല്ല
സ്വപ്നം നമ്മുടെ ഉറക്കം
നഷ്ടപ്പെടുത്തുന്നവയാണ്
യഥാർത്ഥ സ്വപ്നനം

-അബ്ദുൾ കലാം



# EMOTIONS HARM TO OUR BODY



*ANGER*
*WEAKENS*
*LIVER*



*GRIEF*
*WEAKENS*
*LUNGS*




*WORRY*
*WEAKENS*
*STOMACH*



*STRESS*
*WEAKENS HEART*

***Amjith .S.IXB***



**_തുള്ളി ഡിജിറ്റൽ മാഗസിൻ..._**

*__Little kites__ യൂണിറ്റിന്റെ ആദ്യ ശ്രമമാണ്.*

*കമ്പ്യൂട്ടർ പരിജ്ഞാനം കുറവുള്ള ഞങ്ങൾക്ക്*

*ഈ യൂണിറ്റിലൂടെ ലഭിച്ച അറിവുകളും*

*നൈപുണികളും*

*ചേർത്ത് വെച്ച് കൊണ്ടുള്ള ഒരു ചെറിയ ശ്രമം.*

*പോരായ്മകളാണ് കൂടുതൽ.*

*ക്ഷമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.*

*അധ്യാപകരുടെയും കൂട്ടുകാരുടെയും*

*സഹകരണം നന്ദിയോടെ ഓർക്കുന്നു.*

*അഭിപ്രായങ്ങളും നിർദേശങ്ങളും*

*പ്രതീക്ഷിച്ചു കൊണ്ട് വിനയത്തോടെ സമർപ്പിക്കുന്നു.*




**സൗപർണിക. എ.എസ്**

## മുഖം മാറുന്ന പുനലൂർ ഗവ.എച്ച്.എസ്.എസ്





നിർമ്മാണം പൂർത്തിയാകുന്ന പുതിയ കെട്ടിടം